മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കശുവണ്ടിത്തൊളിലാളികൾക്ക് മിനിമം വേജസ് കൊടുപ്പിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെൻറിനും വളരെയധികം ആഗ്രഹമുണ്ട്; നിർബന്ധമുണ്ട്. പക്ഷേ കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം കൂലിയും നിലവിലുള്ള ആനുകൂല്യങ്ങളും വാങ്ങിച്ചുകൊടുക്കുന്നതിനുവേണ്ടി സമരം നടത്തി, സമരങ്ങളും നയിച്ച് ആ സമരത്തിന്റെ നേതൃത്വം വഹിച്ച ആളുകൾ ഭരണത്തിൽ ഇരുന്നപ്പോഴും അത് കൊടുപ്പിക്കുവാൻ ശ്രമിച്ചില്ല. കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ട് അനുസരിച്ച് കാശുകിട്ടിയ കാലം എങ്ങോ മറന്നു. കാഷ്യു കോർപ്പറേഷൻ ഒഴിച്ച് അവിടെ മിനിമം വേജസ് കൊടുപ്പിക്കുവാൻ ഒരൊറ്റ നേതാവിനും ഇതുവരെ സാധിച്ചില്ല എന്നുള്ളതാണ് ഒരു സത്യം മാത്രമാണ്. ഇന്നത്തെ ഗവൺമെൻറ് ഒരു പരിധിവരെയെങ്കിലും അവർക്ക് അത് കൊടുപ്പിക്കുന്നതിനുവേണ്ടി കർശനമായ നടപടി നടത്തിവരുന്നുണ്ട്. ആ അവസരത്തിൽ ഇതിന് വിലങ്ങുതടിയിടാനല്ലാതെ മിനിമം വേജസ് കൊടുപ്പിക്കുവാൻ സാധിച്ചിട്ടില്ല. എന്തായാലും ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നു. തൊഴിലാളികൾക്ക് അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സമാധാനപരമായി സമരം നടത്തുവാൻ അവകാശമുണ്ട്. അതിന് യാതൊരു വിധത്തിലുള്ള തടസ്സവും ഉണ്ടാക്കാൻ സമ്മതിക്കുന്നതല്ല. നേരെമറിച്ച് വീടു വളഞ്ഞ് നിരപരാധികളായ വീട്ടുകാർക്ക് വഴിപോകാൻ സാധിക്കാതെ വന്നാൽ നിയമപരമായ നടപടി സ്വീകരിക്കും. അത് നിർവ്വഹിക്കാതിരിക്കാൻ നിവൃത്തിയില്ല. തൊഴിലാളി സമരത്തിന് എന്തെല്ലാം സഹായം ആവശ്യമാണോ അതെല്ലാം ഗവൺമെൻറ് ചെയ്യാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

(1) കുരിയാർകുറ്റി—കാരപ്പാറ ജല വൈദ്യുത പദ്ധതി

ശ്രീ കെ. കൃഷ്ണൻകുട്ടി: സർ, എനിക്ക് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് പറയാനുള്ളത് ജനങ്ങളെ പറഞ്ഞുകൊള്ളുന്ന പണി ഒന്നു നിറുത്തിവയ്ക്കണമെന്നാണ്. കാരപ്പാറ—കുര്യാർകുറ്റി പ്രോജക്ടിനെക്കുറിച്ച് പാലക്കാട് ജില്ലയിലുള്ള എല്ലാ എം.എൽ.എ. മാരും പല പ്രാവശ്യമായി ഉന്നയിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇടതുപക്ഷ ഗവൺമെൻറിന്റെ കാലത്ത് ബാലകൃഷ്ണപിള്ളതന്നെ അന്നു മന്ത്രിയായിരുന്നപ്പോൾ അതിന്റെ പണി ആരംഭിച്ചു. കാസ്റ്റിംഗ് മന്ത്രിസഭാകാലത്ത് അത് നിറുത്തിവെച്ചു. കാരണമൊന്നും ഞാൻ പറയേണ്ട ആവശ്യമില്ല. അതിനെക്കുറിച്ച് ഏറ്റവും കൂടുതൽ നന്നായിട്ട് അറിയാവുന്നത് ഇലക്ട്രിസിറ്റി മന്ത്രിക്കാണ്. അദ്ദേഹത്തിന് അതു പറയാൻ സാധിക്കുകയില്ല. എന്താണ് കാരണമെന്ന് ഐക്യമുന്നണിയിൽ പറയാൻ കഴിയുകയില്ല. അവിടത്തെ എസ്റ്റേറ്റുകാരും. നമ്മുടെ വനംവകുപ്പും കൂടി അതിനെ തുരങ്കം വെച്ചു. അതിനുശേഷം പല പ്രാവശ്യം ഈ സഭയിൽ ഈ പ്രശ്നം ഉന്നയിച്ചു. ഞങ്ങളും ഇതാ നടപടി സ്വീകരിക്കുന്നു എന്ന് ഇവിടെ മന്ത്രിമാർ ഉറപ്പുതന്നിട്ടുണ്ട്. മന്ത്രി ഇലക്ഷൻകാലത്ത് ചിറ്റൂരു വരുമ്പോൾ ''ഇതാ അതു ഞാൻ നടപ്പാക്കും'' എന്നു പറയാറുണ്ട്. നാല്

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലമായിട്ട് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള തടസ്സം നീക്കാൻ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ എൻവയർമെന്റ് ഡിപ്പാർട്ടുമെന്റുകാർ ഈ പദ്ധതി നടപ്പാക്കുന്നതിന് ഒരു തടസ്സം ഉന്നയിച്ചു. ആ തടസ്സം എന്താണെന്ന് ഞാൻ ഒരു വാചകത്തിൽ പറയാം. ഈ പദ്ധതി വന്നാൽ മൃഗങ്ങൾക്ക് കിഴക്കും പടിഞ്ഞാറും പോകാൻ തടസ്സം വരും. (ഇത് സബ്ജക്ട് കമ്മിറ്റിയുടെ നോട്ടിൽ ഉള്ളതാണ്. ഞാൻ വെറുതെ പറയുന്നതല്ല.) അതുകൊണ്ട് അതിന്റെ പണി നിറുത്തിവെച്ചു. നാലു വർഷക്കാലമായി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കേന്ദ്രഗവൺമെന്റിലേക്ക് സമ്മർദ്ദം ചെലുത്തുകയോ മറ്റു യാതൊരു നടപടികളോ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. എന്തുകൊണ്ടാണ് അത് സ്വീകരിക്കാത്തത്? പല പ്രാവശ്യം ഇത് ഞാൻ ഇവിടെ ഉന്നയിച്ചു, ശ്രീ. ഇസ മയിൽ ഉന്നയിച്ചു, ശ്രീ. കബീർമാസ്റ്റർ ഉന്നയിച്ചു, പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഉന്നയിച്ചിട്ട് എപ്പോഴും 'ഇതാ ചെയ്യുന്നു' എന്നു പറയുകയല്ലാതെ ഈ പദ്ധതി നടപ്പാക്കുവാനുള്ള യാതൊരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. യാതൊരു സമ്മർദ്ദവും കേന്ദ്രഗവൺമെന്റിൽ ചെലുത്തുന്നുമില്ല. കുറേ എസ്റ്റേറ്റ് മുതലാളിമാർക്കുവേണ്ടി ഈ പ്രോജക്ട് നിറുത്തി വയ്ക്കണോ? അവരുടെ സമ്മർദ്ദമാണ് വലുത് എന്നുള്ളത് കണക്കാക്കിയിട്ടാണ് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കാത്തത്. അത് എല്ലാവർക്കുമറിയാം. അവിടെ വെള്ളം മുങ്ങിയാൽ അവിടത്തെ കുറേ എസ്റ്റേറ്റ് മുങ്ങിപ്പോകും. മുങ്ങിപ്പോയാൽ അവർക്ക് നഷ്ടപരിഹാരം കിട്ടുകയില്ല. പണ്ട് ആ മല കൊല്ലംകോട് രാജാവിന്റേതായിരുന്നു. അവിടത്തെ കാര്യസ്ഥരെ സ്വാധീനിച്ചുകൊണ്ട് പത്തു അഞ്ഞൂറു രൂപ കൈക്കൂലി കൊടുത്തുകൊണ്ട് പഴയ റസീറ്റ് വച്ചുകൊണ്ട് ഫോറസ്റ്റ് ട്രൈബ്യൂണലിൽ പതിപ്പിക്കാൻ കൊടുത്തിരിക്കുകയാണ്. ഈ അസംബ്ലിയിൽ തന്ന മറുപടിയിൽ 2975 ഹെക്ടർ ഭൂമി പാലക്കാടു, കോഴിക്കോടുമായി ഫോറസ്റ്റ് ട്രൈബ്യൂണലിൽ പതിക്കാൻ കൊടുത്തിരിക്കുന്നു എന്ന് വന വകുപ്പ് മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. അവർക്ക് യഥാർത്ഥത്തിൽ യാതൊരു റിക്കാർഡുമില്ല. അത് ഗവൺമെന്റ് ഭൂമിയാണ്. ഈ ഡാം വന്നാൽ നഷ്ടപരിഹാരം കിട്ടുകയില്ല. അതാണ് കാരണം. എസ്റ്റേറ്റ് ഉടമസ്ഥൻമാരും നമ്മുടെ വന വകുപ്പും കൂടി ഈ പദ്ധതി വരുന്നതിനെ തുരങ്കം വയ്ക്കുകയാണ്. ഗവൺമെന്റ് നിസ്സഹായമായി നോക്കിനിൽക്കുകയാണ്. അതുപോലെതന്നെ ഇലക്ട്രിസിറ്റിവകുപ്പു മന്ത്രിയും നിസ്സഹായനാണ്. യാതൊന്നും ചെയ്യാൻ പറ്റുന്നില്ല. സ്വന്തം ഗവൺമെന്റിനുള്ളിൽതന്നെ അതിനെതിരായി കരുക്കൾ നീക്കുമ്പോൾ അവർക്കൊന്നും ചെയ്യാൻ പറ്റാതെ വരും. ഒരു പ്രാവശ്യം അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനം പോയി. ഇനി ഇതുകൂടി പറഞ്ഞാൽ മന്ത്രിസ്ഥാനം പോകുമോ എന്നുപേടിച്ചിട്ടാണ് തുറന്നു പറയാത്തത്. മുഖ്യമന്ത്രി പാലക്കാട് വരുമ്പോഴെല്ലാം 'ഇതാ ചെയ്യുന്നുണ്ട്, ചെയ്യുന്നുണ്ട്' എന്നു പറയും. നാലു കൊല്ലമായിട്ട് അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇനിയിപ്പോൾ ഇലക്ഷൻ വരാൻ പോവുകയാണ്. ഇപ്പോഴും പറയും. വീണ്ടും അതിനുവേണ്ടി സമ്മർദ്ദങ്ങൾ ചെലുത്താൻ പോകുന്നു എന്ന്. ഈ കാര്യത്തിനുവേണ്ടി കേന്ദ്രവുമായി എന്തെല്ലാം ചർച്ച നടന്നു. കേന്ദ്ര ഗവൺമെന്റ് സജഷൻ എന്താണെന്നുള്ളത്, ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം. അതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, കുരിയാർകുറ്റി—കാരപ്പാറ പദ്ധതി കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉപേക്ഷിക്കപ്പെട്ടുവെന്നുള്ള ധാരണ ശരിയല്ല. ആ പദ്ധതി പാലക്കാടു ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ്. കാരണം, പാലക്കാടു ജില്ലയിൽ നമുക്ക് ഏറെടുക്കാവുന്ന പദ്ധതികളിൽ മൂന്നെണ്ണമാണ്, സൈലന്റ് വാലി, കേരള ഭോനി, കുരിയാർകുറ്റി—കാരപ്പാറ പദ്ധതികളും. കുരിയാർകുറ്റി—കാരപ്പാറ പദ്ധതിയിലെ വെള്ളം ചാലക്കുടി നദിയിലേക്കാണ് ഒഴുകുന്നത്. അങ്ങനെ ഒഴുകുന്ന വെള്ളം പാലക്കാട്ടേയ്ക്കു തിരിച്ചു വിടുന്ന ഒന്നാണ് ഈ പദ്ധതി. അതു തിരിച്ചുവിട്ടില്ലെങ്കിലും വിദ്യുച്ഛക്തി ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം, വേണമെങ്കിൽ വിദ്യുച്ഛക്തി ബോർഡിന് ഈ വെള്ളം ഉപയോഗിക്കാം. ചാലക്കുടിയിലെ ഇടതുകര കനാൽ പദ്ധതിയുടെ ഭാഗമായി വേണമെങ്കിൽ ഈ വെള്ളത്തിൽ ഇതിലും കൂടുതൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനും ചിലവ് കുറച്ച് ഉപയോഗിക്കാനും കഴിയും. പക്ഷെ പാലക്കാടു ജില്ലയുടെ സമഗ്ര വികസനത്തെ കരുതി സൈലന്റ് വാലി പദ്ധതി ഉപേക്ഷിക്കേണ്ടിവന്ന സാഹചര്യത്തിലും, കേരള ഭോനി പദ്ധതി കാവേരി പ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അത് എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് ബോദ്ധ്യമില്ലാത്തതുകൊണ്ടും നമ്മുടെ സ്വന്തം സർക്കാരിന് ഏറെടുക്കാൻ കഴിയുന്ന ഏക പദ്ധതിയാണ് കുരിയാർകുറ്റി—കാരപ്പാറ പദ്ധതി. മറ്റ് രണ്ട് പദ്ധതികളും, എപ്പോൾ ഏറെടുക്കാൻ കഴിയുമെന്ന് അറിഞ്ഞുകൂടാ. പ്രത്യേകിച്ചും കേരളത്തിൽ ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന കൊഴിഞ്ഞാമ്പാറ പ്രദേശത്തെ ജനങ്ങൾക്കും, ചിറ്റൂർ പ്രദേശത്തെ ജനങ്ങൾക്കും, ആകെ ആശ്രയമുള്ള പദ്ധതിയും കുരിയാർകുറ്റി—കാരപ്പാറ പദ്ധതിയാണ്. അതുകൊണ്ട് വിദ്യുച്ഛക്തി ബോർഡ് ഈ പദ്ധതി ഏറ്റെടുക്കുന്നതിനുവേണ്ടി കോടിക്കണക്കിനു രൂപ ചിലവഴിക്കുകയും ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്തതാണ്. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ അത് മുങ്ങി. അദ്ദേഹം പറഞ്ഞതുപോലെ തോട്ടം മുതലാളിമാരുടെ എതിർപ്പ് ഉണ്ടായിരിക്കാം. പക്ഷേ അതുകൊണ്ട് ഈ ഗവൺമെന്റ് കീഴടങ്ങിയെന്നുള്ള പ്രസ്താവന ശരിയല്ല. എന്താണ് സംഭവിച്ചിരിക്കുന്നതെന്നു ചോദിച്ചാൽ വളരെ നിബിഡമായ വനപ്രദേശവും, വന്യമൃഗ സംരക്ഷണ കേന്ദ്രമായ പറമ്പിക്കുളവും —ഏതാണ്ട് ഒരു നല്ലഭാഗം മുങ്ങിപ്പോകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റും, പരിസ്ഥിതി വകുപ്പും, വന വകുപ്പും ഇതിനുള്ള അനുമതി നിഷേധിച്ചു, ഇതു നിഷേധിച്ചത് 1982-ലാണ്. എന്നാൽ അതിനുശേഷം ഗവൺമെന്റ് ഈ നിഷേധം ശരിയല്ലായെന്നും ഈ പദ്ധതി ഏറെടുത്തേ കഴിയൂ എന്നും ഇത് ഏറെടുക്കാതിരിക്കുന്നത് സ്വന്തം സ്ഥാനത്തിന്റെ താല പര്യത്തിനും പ്രത്യേകിച്ച് പാലക്കാടിന്റെ താല പര്യത്തിനും അനുഗുണമല്ലായെന്നും, വളരെ നിർബന്ധമായ ഒരു നിലപാടാണ് ജലസേചനവകുപ്പും, വിദ്യുച്ഛക്തി വകുപ്പും, ഒരുമിച്ചു സ്വീകരിച്ച് ഗവൺമെന്റിനെ സമർപ്പിച്ചിരിക്കുന്നത്. വനം വകുപ്പിന് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അവസാന വാചകം മാത്രമേയുള്ളൂ, പ്രത്യേകിച്ച് ജലസേചനവകുപ്പും, വിദ്യുച്ഛക്തി ബോർഡും. ഇക്കാര്യത്തിൽ ഒരു ഉറച്ച നിലപാടുതന്നെയാണ് ഇപ്പോഴും സ്വീകരിച്ചിരിക്കുന്നത്. എന്നുമാത്രമല്ല, ഇപ്പോഴത്തെ ജലസേചനവകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി 17-2-1986-ൽ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വീണ്ടും ഇക്കാര്യം ചർച്ച ചെയ്യുകയും ഗവൺമെൻറ് ഇത് ഏറ്റെടുക്കണമെന്നും വീണ്ടും കേന്ദ്രഗവൺമെൻറിനെ സമീപിച്ച് അതിനുവേണ്ടി സമ്മർദ്ദം ചെലുത്തണമെന്നും തീരുമാനിച്ചിരിക്കുകയാണ്. ഇത് 1986 ഫെബ്രുവരി മാസത്തിൽ നടന്ന സംഭവമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറ് പുറകോട്ടു പോയി എന്നു പറയുന്നത് ശരിയല്ല. നമ്മുടെ സംസ്ഥാനത്തെ പ്രശ്നമെന്താണെന്നുവച്ചാൽ, നമ്മുടെ സംസ്ഥാനത്ത് ജല വൈദ്യുതപദ്ധതികളും വന്നാൽ കുറെ ആളുകളും അതിനെ എതിർക്കുകയാണ്. ഈ സംസ്ഥാനത്തിനനുയോജ്യമായത് ചിലവുകുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്, പൊല്യൂഷനില്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ആ വെള്ളമുപയോഗിച്ചുതന്നെ വരണ്ട പ്രദേശങ്ങൾക്ക് വെള്ളം എത്തിച്ചു കൊടുക്കുന്നതിനുള്ള പദ്ധതിയെന്നുള്ള നിലയിൽ സംസ്ഥാന ഗവൺമെൻറ് ഇന്നും ജലവൈദ്യുത പദ്ധതികൾ തന്നെ വേണമെന്നുള്ള നിലപാടെടുക്കുകയാണ്. പക്ഷേ പല കാരണങ്ങളാൽ ഒരൊറ്റ പ്രോജക്ടും എടുക്കാനൊക്കുന്നില്ല.

സർ, ശാസ്ത്ര-സാങ്കേതികമെന്നുള്ള പേരു പറഞ്ഞ് ഒരു വിഭാഗം ആളുകളും അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ ചില വാർത്താമാദ്ധ്യമങ്ങളും ഇതിന് എതിരാണ്. ഈയടുത്ത കാലത്ത് കേരളത്തിൽ പ്രസിദ്ധീകരിച്ച ഒരു പത്രം, അണു പദ്ധതിയെ എതിർത്തു, ജലവൈദ്യുതപദ്ധതിയെ എതിർത്തു, അതേ ദിവസംതന്നെ കൽക്കരി ഉപയോഗിക്കുന്ന പദ്ധതിയേയും എതിർത്തു. ഇതു മൂന്നുമില്ലാതെ കേരളത്തിൽ എങ്ങനെയാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. 30 പൈസക്ക് കേരളത്തിൽ വൈദ്യുതി തമിഴ് നാട്ടിൽനിന്നും മഹാരാഷ്ട്രയിൽനിന്നും രാമഗുണ്ടത്തുനിന്നും വാങ്ങിക്കൊണ്ടുവന്ന് കൊടുക്കണമെന്നുള്ള നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയുമോയെന്ന് ഉത്തരവാദിത്വമുള്ള സഭ ഒന്നിച്ചിരുന്ന് ആലോചിക്കണമെന്നാണ് എൻെറ അഭ്യർത്ഥന. പരിസ്ഥിതിവകുപ്പ് പല ന്യായങ്ങളും പറഞ്ഞ് ഒരു പദ്ധതിയും നമുക്ക് എടുക്കാൻ സാധിക്കുന്നില്ല. അങ്ങനെ കേരളത്തിൻെറ തനതായ ജലസമ്പത്ത് ഉപയോഗിക്കാൻ കഴിയാത്ത ഒരു സ്ഥിതിയിൽ ഈ സംസ്ഥാനം എത്തിച്ചേർന്നിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ ഈ പദ്ധതികൾ ഏറ്റെടുക്കുന്നതിനെപ്പറ്റി ദേശസ്നേഹപരമായ ഒരു നിലപാട് എല്ലാവരും സ്വീകരിച്ചാൽ ഇതിനൊക്കെ അനുവാദമുണ്ടാക്കാൻ കഴിയും. ഈയടുത്ത കാലത്ത് മുഖ്യമന്ത്രിയും ഞാനുംകൂടി ഡൽഹിയിൽ പോയി ഇതേക്കുറിച്ച് നിവേദനം നടത്തി. ആ അവസരത്തിൽ ഇലക്ട്രിസിറ്റി മന്ത്രാലയം പറയുന്നത് നിങ്ങൾക്ക് ജലവൈദ്യുതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിയണമെന്നാണ്. കഴിഞ്ഞ ആഴ്ചയിൽ ഡൽഹിയിൽ ഞങ്ങൾ ഇതൊക്കെ ചർച്ചചെയ്ത അവസരത്തിൽ കുരിയാർകുറ്റി—കാരപ്പാറ പദ്ധതിയും ചർച്ച ചെയ്ത വിഷയമാണ്. പൂയാംകുട്ടി പദ്ധതിയെപ്പറ്റിയും മാനന്തവാടി പദ്ധതിയെപ്പറ്റിയും അതുപോലെതന്നെ കേരളഭവാനിപദ്ധതിയെപ്പറ്റിയുമൊക്കെ ഞങ്ങൾ അന്ന് ചർച്ച ചെയ്തതാണ്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പവർക്ഷാമം തീരണമെങ്കിൽ നമ്മൾ എന്തെങ്കിലും തുടങ്ങിയേ തീരൂ. 90 പൈസക്ക് വിദ്യുച്ഛക്തി മേടിച്ച് കേരളത്തിൽ ഇന്ന് വിൽക്കുന്നതിൻെറ നാലിരട്ടി വിലയ്ക്ക് വൈദ്യുതി വിൽക്കേണ്ട സ്ഥിതിയിലേക്ക് കേരളത്തെ എത്തിച്ചതിൽ നിന്ന് ഒരു കാരണവശാലും ഒഴിഞ്ഞു നിൽക്കാൻ സാധിക്കുകയില്ല. ഈ പൊതുജനാഭിപ്രായം എവിടെയുണ്ടാക്കുന്നതാണ്, ആരുണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. എന്നൊക്കെ ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞത് കുറെയൊക്കെ ബോദ്ധ്യമായി. പൊതുജനാഭിപ്രായം ഇവിടെ കുറെ ആളുകൾ ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ഇതിന് തീരുമാനമുണ്ടാക്കണം. ഈ ഗവൺമെൻറ് ഈ കാര്യത്തിൽ ഒട്ടും പുറകോട്ടു പോകുന്നില്ല. ഈ പദ്ധതികൾ നടപ്പിലാക്കണമെന്നുള്ളതുതന്നെയാണ് ഞങ്ങളെടുത്ത തീരുമാനം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ പദ്ധതികൾ നിർത്തിവയ്ക്കാൻ വേണ്ടി എൻവയർമെൻറ് ഡിപ്പാർട്ട്മെൻറിന്റെ കത്തുകിട്ടിയശേഷം ഈ പദ്ധതി വേണമെന്ന് കേന്ദ്ര ഗവൺമെൻറിലോ അതു കൈകാര്യം ചെയ്യുന്ന മന്ത്രിക്കോ കേരളാ ഗവൺമെൻറ് യോജിച്ചു വല്ല നിവേദനവും നടത്തിയിട്ടുണ്ടോ? അതുപോലെതന്നെ നമ്മുടെ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന്റെ ഭാഗത്തുനിന്നുള്ള തടസ്സമൊഴിവാക്കാൻ വല്ല ശ്രമവും നടത്തിയിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന്റെ തടസ്സം ഇവിടെയില്ല. ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന് അനുസരിച്ചുള്ള തടസ്സം ഡൽഹിയിലാണ്. ഇവിടെയല്ല. അവിടെയിരിക്കുന്ന നേതാക്കന്മാർക്കൊക്കെ അറിയാം; ഇവിടെ ഗവൺമെൻറ് ഒന്നാണ് എന്ന്. ഫോറസ്റ്റിന് ഗവൺമെൻറ് എന്നൊരു ഗവൺമെൻറില്ല. വിദ്യുച്ഛക്തി ഗവൺമെൻറ് എന്നൊരു ഗവൺമെൻറില്ല. ഫോറസ്റ്റ് വകുപ്പുംപ്പെടെയുള്ളതാണ് കേരളാ ഗവൺമെൻറ്. കേരളാഗവൺമെൻറിന്റെ തീരുമാനം ഈ പ്രോജക്ടുകൾ നടപ്പിലാക്കണമെന്നുതന്നെയാണ്. കേന്ദ്രത്തിൽ കഴിഞ്ഞ ആഴ്ചയും ഞാൻ ഈ കാര്യത്തിൽ നിവേദനം നടത്തി.

(2) ഡവലപ്പ്മെൻറ് ബാങ്കുകൾക്കും ഹൗസിംഗ് സൊസൈറ്റികൾക്കുമുള്ള ഗവൺമെൻറ് സബ്സിഡി

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ സഹകരണമേഖലയിലെ രണ്ടു പ്രധാനപ്പെട്ട സ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട പ്രാഥമിക സംഘങ്ങളും ഇന്നു നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. പാർപ്പിട പ്രശ്നം പരിഹരിക്കാൻവേണ്ടി സംസ്ഥാനത്തു ശ്രമിക്കുന്ന വിവിധ ഏജൻസികളിൽ സഹകരണ മേഖലയിലെ പ്രധാനപ്പെട്ട ഏജൻസിയാണ് ഭവന നിർമ്മാണ സഹകരണ ഫെഡറേഷൻ. അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 200-ഓളം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഗവൺമെൻറ് ജീവനക്കാർക്ക് ആവശ്യാനുസരണം ഭവന നിർമ്മാണ വായ്പ ലഭ്യമാക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ 1980-ൽ ഗവൺമെൻറ് ഒരു തീരുമാനമെടുത്തു. പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾവഴി ഗവൺമെൻറ് ജീവനക്കാർക്ക് വായ്പ കൊടുക്കുകയാണെങ്കിൽ അവർക്ക് മൂന്നു ശതമാനം പലിശ സബ്സിഡി അനുവദിക്കണമെന്ന് ഗവൺമെൻറ് ഉത്തരവു നൽകുകയുണ്ടായി. മുൻകാലങ്ങളിലൊക്കെത്തന്നെ അതിനാവശ്യമായ പണം ബഡ്ജറിൽ വകകൊള്ളിക്കുകയും കൃത്യമായിത്തന്നെ അത് റീ-ഇംപേഴ്സ് ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞ ഒന്നുരണ്ടുവർഷക്കാലമായി 60 ലക്ഷം രൂപയുടെ കുടിശ്ശിക പ്രാഥമിക ഭവന നിർമ്മാണ സഹകരണസംഘങ്ങൾക്ക് കിട്ടാനുണ്ട്. കുടിശ്ശിക കിട്ടാനുള്ളതുകൊണ്ട് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പ്രാഥമിക സഹകരണ സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly